# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4808

27.10.2016-ൽ മറുപടിക്ക്

## സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ.ഡി. പ്രസേനൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് കാലവിളംബം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്റർനെറ്റ് കണക്ടിവിറ്റിയിൽ തകരാറുകൾ ഉണ്ടാകുമ്പോൾ ഇന്റർനെറ്റ് അധിഷ്ഠിതമായ സേവനങ്ങൾ നൽകുന്നതിൽ കാലതാമസം നേരിടാറുണ്ട്. ബി.എസ്.എൻ.എൽ., KSWAN എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ട് പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുമോ; | ബി) സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ നെറ്റ് വർക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടേഴ്സുകളിൽ നിന്നും നേരിട്ടുള്ള കണക്ടിവിറ്റി നൽകിക്കൊണ്ട് കൂടുതൽ മെച്ചപ്പെട്ട സംവിധാനം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) സബ് രജിസ്ട്രാർ ഓഫീസുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് സമ്പ്രദായം നടപ്പിലായിട്ടുണ്ടോ;വിശദമാക്കാമോ? | സി) നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 314 സബ് രജിസ്ട്രാർ ഓഫീസുകളിലെയും വിവരങ്ങൾ ക്രോഡീകരിച്ച് തിരുവനന്തപുരത്തുള്ള ഡാറ്റാ സെന്ററിലെ കമ്പ്യൂട്ടറുകളിൽ ശേഖരിക്കുകവഴി രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റിക്കൊണ്ട് സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനങ്ങളിൽ ഒരു പുതിയ |

ചുവടുവയ്പ്പ് കാഴ്ച വയ്ക്കുവാൻ രജിസ്ട്രേഷൻ വകുപ്പ് ഉദ്ദേശിക്കുന്നു. നിലവിലെ പ്രവർത്തന രീതിയ്ക്ക് പകരം സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളേയും ഒരു പ്രത്യേക കമ്പ്യൂട്ടർ ശൃംഘല വഴി തിരുവനന്തപുരത്തുള്ള ഡാറ്റാ സെന്ററുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന രീതിയാണ് അവലംബിച്ചിട്ടുള്ളത്. പദ്ധതിയുടെ അഭിവാജ്യഘടകമായ കണക്ടിവിറ്റി സൗകര്യം ബി.എസ്.എൻ.എല്ലിൽ നിന്നും ലഭ്യമാക്കിക്കൊണ്ട് Kerala State Wide Area ശൃംഘലയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

**സെക്ഷൻ ഓഫീസർ**